പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.19

26.09.2016 ൽ മറുപടിയ്ക്ക്

അരി സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി.<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി സംഭരിക്കുന്നതിന് തയ്യാറാകുമോ യെന്ന് വിശദമാക്കുമോ; | (എ) ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി സംഭരിക്കുക എന്ന ഉദ്ദേശത്തോടെ ഞാനും സപ്ലൈകോയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും, ഫുഡ് സെക്രട്ടറിയും അടങ്ങിയ സംഘം ആന്ധ്രയിൽ എത്തുകയും അവിടുത്തെ സർക്കാർ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അരിമില്ലുകാരുമായി ചർച്ച നടത്തുകയും, സപ്ലയേഴ്സിനോട് ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ അവർക്ക് ആവശ്യമായ സഹായ സഹകരണം നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുളള സഹായങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (ബ) അരിയുടെ വില കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഈ-ടെണ്ടറിലൂടെ വാങ്ങുന്നതിനാൽ പരമാവധി കുറഞ്ഞ വിലയിൽ അരി ലഭിക്കുന്നതും, വാങ്ങിയ വിലയേക്കാൾ സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് (സബ്സിഡി വിലയ്ക്ക്) വില്പന നടത്തുന്നതിലൂടെയും സംസ്ഥാനത്ത് അരിവില ഉയരുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് അരി എത്തിച്ച വകയിൽ ഇതര സംസ്ഥാനങ്ങളിലെ അരി വിതരണക്കാർക്ക് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | മുൻ വർഷങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി എത്തിച്ച വകയിൽ ഇതര സംസ്ഥാനങ്ങളിലെ അരി വിതരണക്കാർക്ക് കുടിശ്ശിക നൽകുവാനില്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്ന മുറയ്ക്കാണ് തുക നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ